# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 974 20/03/2013 ൽ മറുപടിയ്ക്ക്

## ബി.ടെക് വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഫീസ് മടക്കി ലഭിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി പട്ടിക സമുദായക്കാരായ ബി.ടെക് വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ഫീസ് മടക്കി നൽകുന്നുണ്ടോ; ഏതെല്ലാം കോഴ്സുകൾക്കാണ് ഇപ്രകാരം ഫീസ് മടക്കി നൽകുന്നത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; ബി.ടെക് റഗുലർ കോഴ്സിന് പഠിക്കുന്ന പട്ടിക സമുദായക്കാരായ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ. ഇവർക്ക് സെമസ്റ്റർ ഫീസ് മടക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇല്ല. ഇഗ്നോയുടെ ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അംഗീകൃത ഫീസാനുകൂല്യത്തിനു മാത്രമാണ് നിലവിൽ ഉത്തരവുള്ളത്.<br><br>ഇഗ്നോയുടെ റീജിയണൽ സെന്ററിലെ ഫുൾടൈം റഗുലർ കോഴ്സുകൾക്ക് ആനുകൂല്യം അനുവദിക്കുവാൻ നിലവിൽ ഉത്തരവില്ല.<br><br>ബി.ടെക്. റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് നിലവിൽ ആനുകൂല്യം അനുവദിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | ചേർത്തല ചെറുവാരണം ഹരികൃഷ്ണ മന്ദിരത്തിൽ ഹരികൃഷ്ണൻ സമർപ്പിച്ചിരുന്ന സെമസ്റ്റർ ഫീസ് മടക്കി ലഭിക്കുന്നതിനുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ